കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ്- മത്സ്യത്തൊഴിലാളികൾക്ക് വലയും തൊഴിലുപകരണങ്ങളും റിപ്പയർ ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിൽ മാറാട് പ്രദേശത്ത് നെറ്റ് മെന്റിംഗ് യാർഡ് നിർമ്മിക്കുന്നതിന് 146 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)486/2025/F&P** **Dated,07/07/2025**

---

എ.എസ് നമ്പർ : AS/FSH/25/43735 കാലാവധി : 06/07/2028

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 28/04/2025, 17/05/2025 എന്നീ തീയതികളിലെ ഡി.എഫ്.ടി.വി.എം/3729/2022-കെ 3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജകമണ്ഡലത്തിൽ മാറാട് പ്രദേശത്ത് നിരവധി മത്സ്യത്തൊഴിലാളികൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രദേശങ്ങൾ ആശ്രയിച്ചാണ് വലനെയ്ത്ത്, റിപ്പയറിംഗ് ജോലികൾ ചെയ്യുന്നത്. ഇതുമൂലം തൊഴിൽ ഉപകരണങ്ങൾക്ക് ആവശ്യമായ സുരക്ഷിതത്വം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രദേശത്ത് ഒരു നെറ്റ് മെന്റിംഗ് യാർഡ് വരുന്നത് മൽസ്യത്തൊഴിലാളികൾക്ക് ഏറെ ആശ്വാസകരവും ഗുണകരവുമായിരിക്കും എന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയും, കോഴിക്കോട് കോർപ്പറേഷനിലെ മാറാട് ബീച്ച് റോഡിന് പടിഞ്ഞാറ് വശത്ത് മാറാട് വായനശാലയ്ക്ക് സമീപം പള്ളിക്കമ്മറ്റി സർക്കാരിന് കൈമാറിയ സ്ഥലത്ത് നെറ്റ് മെന്റിംഗ് യാർഡ് നിർമ്മിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 146 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർഥിക്കുകയുമുണ്ടായി.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-93-00-00-0-P-V | 1,46,00,000 | AS/FSH/25/43735 | 2028-07-06 |

AS/FSH/25/43735

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ബേപ്പൂരിൽ മാറാട് വല റിപ്പയറിങ് യാർഡ് നിർമ്മാണം | 1,46,00,000 |
| ആകെ (ഒരു കോടി നാല്പത്തി ആറ് ലക്ഷം രൂപ) | | **1,46,00,000** |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 വർക്ക്സ് അപ്പൻഡിക്സ് വോള്യം 2-ൽ ക്രമ നം.2093 ആയി 300 ലക്ഷം രൂപ അടങ്കലിൽ 60 ലക്ഷം രൂപ (20%) വകയിരുത്തിയിട്ടുള്ള "ബേപ്പൂരിൽ (മാറാട്) വല റിപ്പയറിംഗ് യാർഡ് നിർമ്മാണം (നെറ്റ് മെന്റിംഗ് യാർഡ്) " എന്ന പ്രവൃത്തിയ്ക് 4405-00-103-93 (പ്ലാൻ) ശീർഷകത്തിൽ നിന്നും 146 ലക്ഷം (ഒരു കോടി നാൽപ്പത്തി ആറ് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) വർക്ക് അവാർഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ വ്യവസ്ഥകൾ ഫിഷറീസ് ഡയറക്ടർ പാലിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

Fisheries

To

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യു & സി.ഡി) വകുപ്പ് (3162923/WCD-2/128/2025-FIN തീയതി 01/07/2025 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,

സമീർ കുമാർ ഒ.ജെ

Digitally signed by Sameer Kumar. O. J
Date:08-07-2025 12:20:57

AS/FSH/25/43735